# പതിമൂന്നാം കേരള നിയമസഭ
## പന്ത്രണ്ടാം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത ചോദ്യം നമ്പർ : 981 03.12.2014 ൽ മറുപടിയ്ക്ക്

**ദേശീയ പട്ടികജാതി കമ്മിഷൻ സന്ദർശനവും ശുപാർശകളും**

| ചോദ്യം<br>ശ്രീ. എ.കെ. ബാലൻ | ഉത്തരം<br>ശ്രീ. എ.പി. അനിൽ കുമാർ<br>(പട്ടികജാതി-പിന്നോക്ക സമുദായ ക്ഷേമവും വിനോദസഞ്ചാരവും വകുപ്പ് മന്ത്രി) |
|---|---|
| എ) സംസ്ഥാനത്ത് സന്ദർശനം നടത്തിയ ദേശീയ പട്ടികജാതി കമ്മിഷന് ലഭിച്ച പരാതികളുടെ അടിസ്ഥാനത്തിൽ എന്തെങ്കിലും ശുപാർശകൾ കമ്മിഷൻ സർക്കാരിന് നൽകിയിട്ടുണ്ടോ;<br><br>ബി) ഉണ്ടെങ്കിൽ എന്തെല്ലാം ശുപാർശകളാണ് കമ്മിഷൻ സർക്കാരിന് നൽകിയത്; ആയതിന്റെ വിശദാംശങ്ങൾ ലഭ്യമാക്കുമോ; | എ)&ബി)<br><br>ജനസംഖ്യാനുപാതത്തിൽ പട്ടികജാതി വിഭാഗത്തിന്റെ സംവരണതോത് 8%ൽ നിന്നും 9% മാക്കി വർദ്ധിപ്പിക്കുക, സർക്കാരിൽ നിന്നും ഗ്രാന്റ് ലഭിക്കുന്ന എയിഡഡ് വിദ്യാഭ്യാസ സ്ഥാപനത്തിൽ നിയമനത്തിൽ സംവരണം നടപ്പാക്കുക, സംവരണത്തെ സംബന്ധിച്ച് നയപരമായ മാർഗ്ഗനിർദ്ദേശങ്ങൾ പാലിച്ച് പ്രമോഷനുകളിൽ സംവരണം നടപ്പിലാക്കുക, സ്വകാര്യമേഖലയിലും സംവരണം ഏർപ്പെടുത്തുക, സംസ്ഥാനത്ത് കുടിയേറി പാർക്കുന്ന പട്ടികജാതി വിഭാഗക്കാർക്ക് 'സാക്ഷ്യപത്രം' നൽകുന്നതിനു വേണ്ട നടപടികൾ സ്വീകരിക്കുക, പോസ്റ്റ് മെട്രിക്, പ്രീ മെട്രിക് ഹോസ്റ്റലുകളുടെ അടിസ്ഥാന സൗകര്യം മെച്ചപ്പെടുത്തുക തുടങ്ങിയ ശുപാർശകളാണ് പൊതുവിൽ കമ്മീഷൻ നിർദ്ദേശിച്ചിട്ടുള്ളത്. |

| | |
|---|---|
| സി) പ്രസ്തുത ശുപാർശകൾ നടപ്പാക്കാൻ എന്തെങ്കിലും നടപടികൾ സർക്കാർ ആരംഭിച്ചിട്ടുണ്ടോ; ഉണ്ടെങ്കിൽ ആയതിന്റെ വിശദാംശങ്ങൾ ലഭ്യമാക്കുമോ; | സി)പരിശോധിച്ചുവരുന്നു |
| ഡി) സംസ്ഥാനത്തെ പട്ടികജാതി വിഭാഗങ്ങൾ അനുഭവിക്കുന്ന ഏതെങ്കിലും പ്രശ്നത്തെ സംബന്ധിച്ച് കമ്മീഷൻ കേന്ദ്ര ഗവൺമെന്റിന് ശുപാർശ നൽകിയതായി ശ്രദ്ധയിൽ പെട്ടിട്ടുണ്ടോ; ഉണ്ടെങ്കിൽ ആയതിന്റെ വിശദാംശങ്ങൾ ലഭ്യമാക്കുമോ; | ഡി) ശ്രദ്ധയിൽപ്പെട്ടിട്ടില്ല. |
| ഇ) സംസ്ഥാനത്തെ പട്ടികജാതി വിഭാഗങ്ങൾ അനുഭവിക്കുന്ന ഏതെല്ലാം പ്രശ്നങ്ങളെ സംബന്ധിച്ച് സംസ്ഥാന സർക്കാർ കമ്മീഷനോട് വിശദീകരണം നൽകിയെന്ന് വ്യക്തമാക്കുമോ? | ഇ) കമ്മീഷൻ പ്രത്യേക വിശദീകരണം ആവശ്യപ്പെട്ടിട്ടില്ല. |

സെക്ഷൻ ഓഫീസർ